# ഈശ്വരഭക്തി

No: 639
No 29



C. V. SMARAKA GRAMODHARANA
GRANDHA SALA
THENNURKONAM
VENGANOOR, A. C.

BY

K. M. KURUKKAL.

No. 134
NO 29

# ഈശ്വരഭക്തി

C. V. SMARAKA ... GRANDHASALA

ഗ്രന്ഥകർത്താ,

സാഹിത്യഭൂഷണൻ, K. മാധവക്കുരുക്കൾ,
വിഷവൈദ്യവിശാരദ്, (R. M. P.)
കല്ലൂർ, തോന്നയ്ക്കൽ, A. O.

(കഥകളിപ്രദീപിക, കുചേലഗോപാലം തുള്ളൽ, വിജ്ഞാനകൌസ്തുഭം,
അക്ഷയപാത്രം കഥകളി എന്നീ ഗ്രന്ഥങ്ങളുടെ കർത്താവ്.)

---

പ്രസാധകൻ,

കെ. ജീ. കൃഷ്ണപിള്ള, അടൂർ.

---

1-ാം പതിപ്പ് കാപ്പി 1000.

വില അണ 4.

1122

---

പ്രസാധകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

# മുഖവുര

ഉദ്ദേശം പതിനഞ്ചു് കൊല്ലങ്ങൾക്കു് മുൻപു് ഞാൻ എഴുതിയ ഒരു ലേഖനമാണു് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. കാലത്തിനു വന്ന മാററം രൂപത്തിൽ എന്നപോലെ ഭാവത്തിലും ഈ ലേഖനത്തെ ബാധിച്ചിട്ടുണ്ടു്.

പ്രസാധകനായ മി. കൃഷ്ണപിള്ളയുടെ ഉൽസാഹം കൊണ്ടാണു് ഇതു് പുസ്തകരൂപത്തിൽ ഇപ്പോൾ പ്രസിദ്ധീകൃതമാകുന്നതു്. സനാതന മതവിശ്വാസികൾക്കു് ഇതുകൊണ്ടു ഈശ്വരഭക്തിയുടെ കണികഎങ്കിലും മൊട്ടിട്ടു് വികസിക്കുമെങ്കിൽ ഞാൻ ചരിതാൎത്ഥനായി.

തോന്നയ്ക്കൽ
10-10-122

ഗ്രന്ഥകൎത്താ.

## മംഗളം

---

1. ഭക്തന്മാർക്കഭിലാഷമൊക്കെ സദയം-
നൽകുന്ന കല്പദ്രുവാ-
യത്യന്തം നിജകാന്തയാം ഗിരിസുതാ-
രത്നത്തൊടും കൂടവേ
നിത്യം ശ്രീയൊടു വാണിടുന്ന 'കരുവൂർ'
ദേവാലയേശപ്രഭോ !
ഭൃത്യൻ ഞാനടികൂപ്പിടുന്നു സതതം-
പാലിക്ക ഗങ്ഗാപതേ !

2. ചൊല്ലാർന്നിടുന്ന ഫണിമൂലധരാധിവാസേ
കല്യാണമാർന്ന തവ പാദസരോജയുഗ്മം
എല്ലായ്പ്പൊഴും ശരണമെന്നു നിനയ്ക്കുമെന്നെ
നല്ലോണമിന്നു തുണചെയ്തരുളേണമംബേ!

3. സ്വച്ഛശ്രീകലരുന്ന പണ്ഡിതജനാ-
നന്ദൈക മന്ദാരമാം-
കൊച്ചുണ്ണിത്തിരുമേനിതൻ സുശിഷ്യനായ്-
കൃഷ്ണാഖ്യനാം സൂരിയായ് |
ഉച്ചത്തിൽ ശുഭകീർത്തിയോടഥ "കരൂർ"-
ദ്ദേശത്തിലെ ദ്വീപമായ്-
സ്വച്ഛന്ദം സ്വമഠാലയേ വിലസുമെ-
ന്നച്ഛൻ പ്രസാദിക്കണം. ||

4. സത്യം നയം സകല ഭൂതദയാർദ്ര ചിത്ത-
മത്യന്ത ധർമ്മഗുണമീശ്വരഭക്തിയോടും
പൃത്ഥ്വീതലം വെടിയുവാൻ ശുഭഭാഗ്യപൂരം
പൂർത്ത്യാലഭിച്ച മമ മാതൃപദം നമാമി.

5. ശ്രീ രാമവർമ്മാഹ്വയകല്പദാരുഃ
ശ്രീ രാമവംശാംബുധി പൂർണ്ണചന്ദ്രഃ |
ശ്രീ കാന്തഭക്തഃ പ്രഥിതപ്രഭാവഃ
ശ്രീചൈത്ര ഭൂപോ ജയതാദ്ധരായാം- ||

ഗ്രന്ഥകർത്താ.

# ഈശ്വരഭക്തി.

---

നീലക്കാറൊളിവണ്ണമുള്ള മുടിയിൽചേലൊന്നപീലിഗണം-
ചാലേചൂടിനിജാധരേണമുരളീനാദംമുഴക്കീട്ടഹോ
പാലഞ്ചുംമൊഴിയാന്നരാധസഹിതംഗോപാലനായ്
ലീലയാ-
ബാലാവസ്ഥകഴിച്ചൊരിഷ്ടഭഗവാൻകാത്തീടണംസവ്വദാ||

കാമംകൊണ്ടെന്നാകിലും ക്രോധംകൊണ്ടെന്നാകിലും
പ്രേമവും ഭീതി ദ്വേഷമെന്നിവകൊണ്ടെങ്കിലും
നിത്യവും ഭഗവാനെസേവിക്കും ജനങ്ങൾക്ക്
ചിത്തശുദ്ധിയുംവരും മുക്തിയുംലഭിച്ചിടും,

ഷാട്ഗുണ്യ പരിപൂർണ്ണനായി നിത്യ, സത്യ, ബുദ്ധ മുക്ത സ്വഭാവനായി ജ്ഞാനൈശ്വര്യശക്തി സമ്പന്നനായി സൃഷ്ടിസ്ഥിതി സംഹാരകർത്താവായിരിക്കുന്ന ജഗദീശ്വരന്റെ മഹിമയെക്കുറിച്ച് നാം പരിചിന്തനം ചെയ്യാതെയും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ ഓർക്കാതെയും നമ്മുടെ ജന്മം മുഴുവനും ഉണ്ടും, തിന്നും, കുളിച്ചും, കളിച്ചും, പുളച്ചും, കാലം പോക്കുന്നു എങ്കിൽ വൃക്ഷാദിതുല്യന്മാരാകുന്നുവത്രേ.

"തരവഃ കിം നഃ ജീവന്തി
ഭസ്ത്രാഃ നഃ ശ്വാസസന്ത്യുത
നഖാ ദന്തിനമേഹന്തി
കിം ഗ്രാമ്യാഃ പശവോവരേ."

(വൃക്ഷങ്ങൾ ജീവിക്കുന്നില്ലേ? തുരുത്തികൾ ശ്വാസം കഴിക്കുന്നില്ലേ ? താഴ്ന്നതരം നാല്ക്കാലികൾ തിന്നുകയും വയറു ഒഴിക്കുകയും ചെയ്യുന്നില്ലേ?)

എന്ന പ്രമാണത്തെ അനുസന്ധാനംചെയ്തു നോക്കുമ്പോൾ മനുഷ്യജന്മത്തിൻെറ കത്തവ്യം എന്താണെന്നു നമുക്ക് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മനുഷ്യർ, മൃഗങ്ങൾ, ജന്തുക്കൾ, വൃക്ഷങ്ങൾ, പാറക്കൂട്ടങ്ങൾ, മഹാസമുദ്രങ്ങൾ, എന്നു വേണ്ട ഈ കാണുന്ന എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചിരിക്കുന്നതു് ആരാകുന്നു?

ഈ സംഗതിയെപററി പര്യാലോചിക്കുമ്പോൾ ഇവയെല്ലാം കാരണമായി, ആധാരമായിരിക്കുന്ന ഒരു തത്വമുണ്ടെന്നു് സ്പഷ്ടമാകുന്നു. ആ തത്വത്തിൻെറ ഉള്ളിൽ ഉദയം ചെയ്തരുളുന്ന പൊരുളിനെയാണ് നാം ഈശ്വരനെന്നു് സങ്കല്പിച്ചിരിക്കുന്നതു്. തൻെറ പ്രഭാവശക്തികൊണ്ടു് ഒന്നിനെ ഉണ്ടാക്കുന്നതിനും, രക്ഷിക്കുന്നതിനും, നശിപ്പിക്കുന്നതിനും, എന്നുവേണ്ട എല്ലാററിനും ശക്തിയുള്ള ഒരു ചൈതന്യമെന്നാണ് 'ഈശ്വരൻ' എന്ന ശബ്ദത്തിൻെറ അന്തഃസാരം.

ഭൂമിയിലും ആകാശത്തിലും ജലത്തിലുമായി വൃക്ഷാദി ഉദ്ഭിജങ്ങളായും, സ്വേദജങ്ങളായ കൃമി കീടാദികളായും, ജലജങ്ങളായ മത്സ്യാദികളായും അണ്ഡജങ്ങളായ പക്ഷി വർഗ്ഗങ്ങളായും, പശു വാനരാദി ജരായുജങ്ങളായും എൺപത്തിനാലുലക്ഷം ജന്മങ്ങളെടുത്തതിൻെറശേഷമേ അന്ത്യത്തിൽ മനുഷ്യജന്മത്തെ പ്രാപിക്കുന്നുള്ളു എന്നു് വേദം കല്പിക്കുന്നു.

ആ സ്ഥിതിക്കു് ഈശ്വരഭക്തിക്കു് ഈ മനുഷ്യലോകം മുഴുവനും അവകാശപ്പെട്ടിരിക്കുന്നു. അതിനു വംശമോ, വർണ്ണമോ, പദവിയോ, യാതൊന്നും നോക്കണമെന്നില്ല, ജാതി ഒന്നുമാത്രം ആവശ്യപ്പെടുന്നു. ആ ജാതി ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രാദികളല്ല. ക്രിസ്ത്യാനികളല്ല, മുഹമ്മദീയരല്ല, ജൈനരല്ല, ബുദ്ധരല്ല, ഈഴവരല്ല, പുലയരല്ല, പറയരല്ല, ചെട്ടിയല്ല, ചാലിയനല്ല, കമ്മാളരല്ല, പരവരല്ല. പിന്നെയോ മററൊന്നുമല്ല, മനുഷ്യജാതി എന്നുള്ള ഒന്നു മാത്രമാണു്. എന്നാൽ മനുഷ്യർക്കുമാത്രമേ, വിധിച്ചിട്ടുള്ളോ? അതുമല്ല; ജീവജാതികൾക്കൊക്കെ വിധിച്ചിട്ടുള്ളതാണു്.

"മന്യേ ധനാഭി ജനരൂപ തപഃശ്രുതൗജ
സ്തേജഃ പ്രഭാവ ബല പൗരുഷ ബുദ്ധിയോഗഃ
നാരാധനായഹി ഭവന്തി പരസ്യ പുംസോ
ഭക്ത്യാതുതോഷ ഭഗവാൻ ഗജയൂഥപായ"

(ധനം, സൽക്കുലത്തിൽ ജനനം, സൗന്ദര്യം, തപസ്സ്, പാണ്ഡിത്യം, ഇന്ദ്രിയശക്തി, തേജസ്സ്, പ്രതാപം, ബലം, ഉത്സാഹം, ബുദ്ധി, അഷ്ടാംഗയോഗം ഇവകളാൽ ഭഗവൽപ്രീതിയുണ്ടാകുന്നില്ല. ഭഗവൽപ്രീതിക്കു കാരണം ഭക്തിതന്നെ. ഭക്തിയാൽ തന്നെയാണ് ഗജേന്ദ്രനിൽ ഭഗവാൻ പ്രസാദിച്ചത്.)

ആ സ്ഥിതിക്ക് സംസാരത്തിൽ സകല ജീവരാശികളിലും വച്ച് അത്യുത്തമമായും ലഭിക്കുവാൻ ദുസ്സാദ്ധ്യമായും ഇരിക്കുന്ന ഈ മർത്ത്യജന്മത്തെ പ്രാപിച്ചിട്ട് യാവനൊരുത്തൻ തന്റെ ജീവിതകാലത്തിനുള്ളിൽ ഒരിക്കലെങ്കിലും സാക്ഷാൽ ഭഗവാനെ പൂജിക്കുന്നില്ലയോ അവൻ സർവ നിന്ദിതനും മഹാപാതകനും, അചേതനുമാകുന്നു.

ഏററവും അണുപ്രായങ്ങളായ കീടങ്ങൾ തുടങ്ങി ഏററവും ശ്ലാഘ്യമാണെന്നു വിചാരിക്കപ്പെട്ടു വരുന്ന—പരിഷ്കാരസൂര്യരശ്മികൾ പ്രകാശിക്കുന്ന—മനുഷ്യർവരെ എല്ലാവരുടെയും ആഗ്രഹം സുഖം വേണമെന്ന് തന്നെയാണല്ലോ ?

"സുഖാത്ഥാഃ സർവഭൂതാനാം
മതാസ്സർവ്വാ പ്രവൃത്തയഃ" എന്നുണ്ടല്ലോ?

നശ്വരനായ മനുഷ്യന് അനശ്വരമായ സുഖം എങ്ങിനെയുണ്ടാകുമെന്ന് ചോദിക്കുന്നവർ അസംഖ്യമുണ്ട്. ആലോചിക്കുന്നവർ വളരെ ചുരുക്കം മാത്രമേ കാണുന്നുള്ളൂ. ഹിന്ദുക്കൾ തങ്ങളുടെ വേദതത്വങ്ങളിൽ സ്ഥിര

വിശ്വാസമുള്ളവരാണെന്നുള്ളതിൽ സംശയമില്ല. മനു ഷ്യദേഹം നശ്വരമാണെങ്കിലും, അതിനെ തൽക്കാലത്തേക്കു വാസസ്ഥലമാക്കിയിരിക്കുന്ന ദേഹി അനശ്വരമാണെന്നും ആ ദേഹിക്കു സ്ഥിരമായി ശാശ്വതമായിട്ടുള്ള സുഖം ഉണ്ടെന്നുമാകുന്നു ഹിന്ദുശാസ്ത്ര സിദ്ധാന്തം. അങ്ങനെയുള്ള സുഖത്തെയാണു മനുഷ്യർ ആഗ്രഹിക്കേണ്ടതു്. ആ സുഖം സമ്പാദിക്കാനുള്ള മാർഗ്ഗം എന്താണെന്നു ഇനി ചിന്തിക്കാം.

ഹിന്ദുശാസ്ത്ര സിദ്ധാന്തപ്രകാരം നിത്യ നിരന്തരസുഖത്തിനു പ്രധാനമായി രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു്. ഒന്നാമത്തേതു ജ്ഞാനമാർഗ്ഗവും രണ്ടാമത്തേതു ഭക്തിമാർഗ്ഗവുമാകുന്നു. മനസ്സിനും ബുദ്ധിക്കും അത്യന്തം വികാസമുണ്ടായി സർവകർമ്മ സന്ന്യാസത്തിനു അർഹന്മാരായ ഉത്തമപുരുഷന്മാർക്കേ ജ്ഞാനമാർഗ്ഗം സുഗമമായി ഭവിക്കുകയുള്ളു. ശ്രീരാമകൃഷ്ണ പരമഹംസർ, ശ്രീശങ്കരാചാര്യസ്വാമികൾ സ്വാമി വിവേകാനന്ദൻ, ശ്രീരാമാനുജൻ എഴുത്തച്ഛൻ, ശ്രീ ചട്ടമ്പി സ്വാമികൾ മുതലായ യോഗീശ്വരപ്രഭൃതികൾ ജ്ഞാനമാർഗ്ഗത്താൽ മോക്ഷം സിദ്ധിച്ചവരാകുന്നു.

സാധാരണ മനുഷ്യർക്കു സുഗമം ഭക്തിമാർഗ്ഗമാണു്. മോക്ഷസാധകമായ ആ ഭക്തി എന്താണു്? അതു സ്വയംഭൂതവും, സ്വയം പ്രകാശിതവുമാണു്. സ്നേഹമൂർത്തിയായ ഈശ്വരനോടുണ്ടാകേണ്ട പ്രേമം തന്നെയാണു് ഭക്തി. പക്ഷെ പ്രതിഫലേച്ഛ കൂടാതെ നിഷ്കാമമായിരിക്കണം. കാരണം ഐഹികാഭിലാഷങ്ങൾ ഉള്ളടത്തോളം ആ വി

ധമുള്ള പ്രേമം സംഭവിക്കുന്നതല്ല. ചുരുക്കത്തിൽ പറയു കയാണെങ്കിൽ.

"അംകോലംനിജബീജസന്തതിരയസ്കാന്തോപലംസൂചികാ
സാധ്വീനൈജവിഭ്രും ലതാക്ഷിതിരുഹം സിന്ധുഃസരി
ദ്വല്ലഭം
പ്രാപ്നോതീഹയഥാതഥാപശുപതേ!പാദാരവിന്ദദ്വയം
ചേതോവൃത്തിരുപേത്യതിഷ്ഠതിസദാസാഭക്തിരിത്യുച്യതേ

(അംകോലത്തെ അതിൻെറ വിത്തുകൾ, അയസ്ക്കാന്തത്തെ സൂചി, ഭർത്താവിനെ പതിവ്രത, വൃക്ഷത്തെ ലത, സമുദ്രത്തെ നദി, എങ്ങിനെ പ്രാപിക്കുന്നുവോ അതു പോലെ പശുപതിയുടെ പാദാരവിന്ദങ്ങളെ പ്രാപിച്ചിരിക്കുന്ന മനോവൃത്തിക്കാണ് ഭക്തി എന്നു പറയുന്നതു്.)

ഭക്തി ഒരുവനിൽ ഉദയംചെയ്യുമ്പോൾ, സത്യാസത്യങ്ങളേയും, ന്യായാന്യായങ്ങളേയും, ധർമ്മാധർമ്മങ്ങളേയും തിരിച്ചറിഞ്ഞു് ശ്രേയോഭിലാഷികളായ ജനങ്ങൾ പ്രവർത്തിക്കണമെന്ന് ശാസ്ത്രം വിധിച്ചിട്ടുണ്ട്. എന്തെന്നാൽ

"തം തഥാ ഭിന്ന മര്യാദം
പാപമാമന്നോപഘാതിനം
ദേവാദയോപ്യനുഗൃഹ്ണന്തി-
ഗ്രഹഛിദ്രപ്രഹാരിണഃ"

(യോഗ്യന്മാരെ അതിക്രമിക്കുന്നവനായും കൃത്യാകൃത്യവ്യവസ്ഥയോടു കൂടാത്തവനായും, ആത്മാവിനെക്കുറിച്ചുത

ന്നൊ അശുഭകർമ്മത്തെ ചെയ്യുന്നവനായും പാപിയായും ഇരിക്കുന്നവനെ ദേവാദികളായിരിക്കുന്ന ഗ്രഹങ്ങൾ പഴുതു കാണുന്ന ദിക്കിൽ കൂടി കടന്നു പ്രഹരിക്കുന്നവരാകുന്നു.) എന്നും

ഛിദ്രം പാപക്രിയാരംഭഃ
പാകോ നിഷ്ഫസ്യകർമ്മണഃ
ഏകസ്യ ശൂന്യേവസ്ഥാനം
ശ്മശാനാദിഷുവാനിശി
ദിഗംബാസസ്ഥം ഗുരോർനിന്ദ
രതേരവിധി സേവനം
അശുചേർ ദേവതാരാദ്ധിഃ
പരസൂതക ശങ്കരഃ
മന്ത്രതന്ത്ര ബലിത്യാനാം
വിഗുണം പരികർമ്മചഃ
സമാസാദ്ദിനചര്യാദി
പ്രോക്താചാര വ്യതിക്രമഃ" എന്നും

വാഗ്ഭടാചാര്യർ കല്പിച്ചിട്ടുള്ളതു നോക്കുമ്പോഴും സൽഗുണങ്ങൾ കൊണ്ടു മാത്രമേ ഈശ്വരഭക്തി ഒരുവനിൽ ഉദയം ചെയ്യുകയുള്ളു എന്നും ദുഷ്കൃത്യങ്ങൾ നാശഹേതുകമാണെന്നും മനസ്സിലാക്കാവുന്നതാണ്.

മേല്പറഞ്ഞ സൽപ്രവൃത്തികളെ പോഷിപ്പിച്ചിട്ട് മായാന്ധകാരത്താൽ മൂടപ്പെട്ടിരിക്കുന്ന മനുഷ്യർ എപ്പോഴും "ലോകാസമസ്താസുഖിനോ ഭവന്തു" എന്ന് അഖിലലോക ക്ഷേമത്തെ ആശംസിക്കുന്നതോടുകൂടി സുഖകാരണങ്ങളായ

തൻെറ കർമ്മങ്ങളേയും കൂടി യോജിപ്പിച്ച് ജീവിതയാത്ര ചെയ്യുന്നുവോ അപ്പോൾ ലോകോപകാരങ്ങളായ അവ ൻെറ സർവസ്ഥൂലകർമ്മങ്ങളും ആധിഭൗധികകർമ്മങ്ങളായി പരിണമിക്കുന്നതാകുന്നു.

ഏതൊരു കർമ്മബലത്താൽ ദൈവീകശക്തിയെ അനുകൂലിച്ചിട്ട് കർമ്മങ്ങൾക്കനുരൂപമായഫലത്തെ സമാർജ്ജിക്കുവാൻ സാധിക്കുന്നുവോ അതിനെയാകുന്നു ആധിഭൗതിക കർമ്മമെന്നു് ശാസ്ത്രങ്ങൾ കീർത്തിക്കുന്നതു്.

മനുഷ്യർ ഈ ഘട്ടങ്ങളിൽ പ്രബലമായ പുണ്യകർമ്മങ്ങളെ അനുഷ്ഠാനരൂപത്തിൽ കൊണ്ടുവരുന്നപക്ഷം, ഭാവിയിൽവരുന്ന, പാപകർമ്മഫലസമൂഹങ്ങളെ, അനുഭവയോഗ്യമല്ലാതാക്കിത്തീർക്കുവാൻ, ഏവർക്കും സാധിക്കുന്നതാണു്.

ആകയാൽ മനുഷ്യർ, ഈശ്വരപ്രസാദത്താൽ ദൈവീകശക്തിയെ സമ്പാദിക്കുകയും, തദ്വാരാ—ഉൽപന്നമാകുന്ന പ്രബലസംസ്കാര കാരണമായിട്ടു്, തൻെറ അഹിതകർമ്മഫലങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നതിന്നു് യത്നിയ്ക്കേണ്ടതാകുന്നു.

ഒരുവനിൽ ഏകാഗ്രഭക്തി ഉദിക്കുമ്പോൾ തനിക്കു അനുഭവിയ്ക്കാൻ, ഇടയാകുന്ന സകലകഷ്ടതകളേയും, പരമസുഖമാണെന്നുള്ള ദൃഢബോധത്തോടെ, ആനന്ദചിത്തനായി, സഹിയ്ക്കുന്നതിനുകൂടി സമർത്ഥന്മാരായിഭവിയ്ക്കുന്നു.

തൽസമയം അവൻെറ ഹൃദയം അത്യുദാരമായി പരിണമിക്കുകകാരണം സ്വാൎത്ഥബുദ്ധി നിശ്ശേഷം നശിച്ചിട്ട് പരാൎത്ഥബുദ്ധിയുടെ വികാസത സിദ്ധിക്കുന്നു.

ഭക്തി എന്നു പറയുന്നതു വൈധി എന്നും രാഗാദിജ, എന്നും രണ്ടു വിധത്തിൽ ഉണ്ടു്. വൎണ്ണാശ്രമത്തെ അനുഷ്ഠിച്ചുംകൊണ്ടു് ഈശ്വരനെ ഭജിക്കുന്നവരുടെ ഭക്തിക്കു് 'വൈധി' എന്നു പേർ. ഫലാകാംക്ഷയോടുകൂടി ഭജിക്കുന്നതു് രാഗാദിജാ. അതായതു് ഭക്തിയെ കാമ്യം എന്നും അകാമ്യം എന്നും സാധാരണ പേരു് കല്പിക്കാം.

ഭക്തന്മാരുടെ പ്രാൎത്ഥന അനുസരിച്ചു് സിദ്ധികൾ ഉണ്ടായിട്ടുമുണ്ടു്, ഉണ്ടാകുന്നുമുണ്ടു്. ഭക്തന്മാൎക്കു് വിഷ്ണുവും, ശിവനും, ബ്രഹ്മാവും, ശ്രീകൃഷ്ണനും, ശ്രീരാമനും, സുബ്രഹ്മണ്യനും, ഗണപതിയും, അയ്യപ്പനും, സൎവ്വദേവീദേവന്മാരും സൎവ്വ ഗ്രഹങ്ങളും നക്ഷത്ര യക്ഷ ഗന്ധൎവ്വ ഭൂതപിശാചുക്കളും എന്നുവേണ്ട സകല പ്രാണികളും വശഗന്മാരാകുന്നു എന്നതിനു സംശയമേ ഇല്ല. ശാന്തരായും ദാന്തരായും ദയാലുക്കളായും സത്യധൎമ്മാദി തല്പരരായും ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരെ ഏകസ്വരൂപമായി ധ്യാനിക്കുന്നവരും, ഏകപത്നീവ്രതം, മാതൃഭക്തി, പിതൃഭക്തി, രാജഭക്തി ഇത്യാദി ഗുണങ്ങളുള്ളവരും രാഗ, ദ്വേഷ, മദ, മാത്സര്യാദികൾബാധിക്കാതെ സൂക്ഷിക്കുന്നവരും തന്നെപ്പോലെയാണു് സൎവ്വ ഭൂതങ്ങളുമെന്നു കരുതി സൎവ്വ ജന്തുക്കളിലുമൊരുപോലെ കരുണ, ക്ഷേത്രശുദ്ധി, ബീജശുദ്ധി, സന്ധ്യാവന്ദനജപഹോമാദി ശ്രൌതസ്മാൎത്ത ധൎമ്മതല്പരത ഔദാൎയ്യ

ശീലം, ഔചിത്യം, ദാനം, വിധികാലങ്ങളിൽ നിദ്ര ഇത്യാദി സത്ഗുണങ്ങളുള്ളവരും അസൂയയില്ലാത്തവരും സ്വധർമ്മത്തിൽ നിരതരും അതിഥി പൂജയിങ്കൽ തല്പരരും ഏകാദശ്യാദിവ്രതാനുഷ്ഠാനങ്ങൾ ചെയ്യുന്നവരും മാംസാഹാരത്തെ വർജ്ജിക്കുന്നവരും ഈശ്വരനാമസ്തോത്രം പാടുന്നവരും അവതാരപുരുഷന്മാരുടെ ചിത്രങ്ങളെ വച്ചാരാധിക്കുന്നവരും പരോപകാരതല്പരരും പരനിന്ദയെ ചെയ്യാത്തവരും അഹങ്കാരം ഇല്ലാത്തവരും, അന്യരുടെ സ്വത്ത് അപഹരിക്കാത്തവരും വേദശാസ്ത്രാദികളിൽ വിശ്വാസമുള്ളവരും, ഭർത്താവിനെ ദൈവമെന്നു വിചാരിച്ച് ചാരിത്ര്യത്തെ പാലിക്കുന്ന സ്ത്രീകളും വഴിയാംവണ്ണം ഗോരക്ഷ ചെയ്യുന്നവരും ക്രമേണ ഈശ്വരഭക്തന്മാരായി അന്ത്യത്തിൽ സായൂജ്യം പ്രാപിക്കുമെന്നുള്ളതിന് സംശയമില്ല. സായൂജ്യം ലഭിക്കുന്നതിനുള്ള ഓരോ കോണിപ്പടികളാണ് മേൽപ്പറഞ്ഞ സൽഗുണങ്ങൾ.

പൗരാണിക കാലങ്ങളിൽ മഹർഷീശ്വരന്മാർ കൃച്ഛ്രസാദ്ധ്യങ്ങളായ യമനിയമാദിവ്രതചര്യകളാൽ ഭഗവൽസായൂജ്യംപ്രാപിച്ചതുപോലെ തുച്ഛന്മാരായ നാം യമനിയമാദികൾ നിർവ്വഹിക്കുന്നതിന് അശക്തന്മാരായതുകൊണ്ട് സാക്ഷാൽ ജഗദീശ്വരനെ ഹൃദയമാകുന്ന അമ്പലത്തിൽ പ്രതിഷ്ഠിച്ച് മാനസപൂജചെയ്ത് തൃപ്തി അടയുന്നതിന് തക്ക പരിശീലനമോ ഏകാഗ്രചിന്തയെ നിലയ്ക്കുനിറുത്തുന്നതിനുള്ള ശേഷിയോ, വൈരാഗ്യമോ ഇല്ലാത്തതിനാലും ക്ഷേത്രദർശനം ചെയ്ത് സ്തോത്രപഠനങ്ങളാൽ നമുക്ക് തൃപ്തി അടയാം. വിശേഷിച്ചും കലിയുഗത്തിൽ ക്ഷേത്രദർശനവും—അഥവാ

വിഗ്രഹാരാധനയും സ്തോത്രപാരായണവും അത്യുത്തമമാണ്.

ഇപ്പോഴത്തെ ചില പച്ചപ്പരിഷ്കാരികൾ ക്ഷേത്രദർശനം ആവശ്യമില്ലെന്നു വാദിക്കുമായിരിക്കാം. എന്നാൽ പ്രാണായാമം, രാജയോഗം മുതലായ പല വഴികളും കണ്ടുപിടിച്ചിട്ടുള്ള മഹർഷീശ്വരന്മാർപോലും ക്ഷേത്രദർശനം തെററാണെന്ന് വിധിച്ചിട്ടില്ല. ഈശ്വരസാക്ഷാൽകാരം സിദ്ധിച്ച യോഗയോഗീശ്വരനായ ശ്രീ. ശങ്കരാചാര്യർ സ്വാമിപോലും ഭൂലോകം ഒട്ടുക്ക് ചുററി സഞ്ചരിച്ച് പല മഹാക്ഷേത്രങ്ങളിലും കേറി ഭഗവൽ ദർശനം, സ്തോത്രകീർത്തനം മുതലായതു ചെയ്തു അവകൾ അത്യാവശ്യമാണെന്നു മനുഷ്യലോകത്തെ ധരിപ്പിച്ചിരിക്കുന്നു. ക്ഷേത്രദർശനംകൊണ്ട് ഭഗവൽ സ്വരൂപത്തെ ധ്യാനിക്കുവാൻ സാധിക്കുന്നതാണ്. അല്ലാതെ സ്വരൂപധ്യാനം ചെയ്യാൻ ഒരുമ്പെട്ടാൽ അമേരിക്കാഖണ്ഡത്തിൻെറ പ[illegible] കണ്ടിട്ടില്ലാത്ത ഒരുവൻ അതിൻെറ ആകൃതിയെപ്പററി ചിന്തിക്കാനൊരുങ്ങിയാൽ ഏതുവിധം കലാശിക്കുമോ അതേവിധം തന്നെ.

പൗരാണിക കാലത്തു ജീവിച്ചിരുന്നവരും ഹൈന്ദവമതസ്ഥാപകരുമായ ഋഷീശ്വരന്മാർ വിഗ്രഹാരാധനയെകുറിച്ചു എന്തു കല്പിക്കുന്നു എന്നു നോക്കാം.

"പാഷാണ ലോഹമണിമൃണ്മയവിഗ്രഹേഷു

പൂജാപുനർഭോഗകരീമുമുക്ഷോഃ" എന്നു യജുർവേദത്തിൽ കാണുന്നുണ്ട്. ബ്രഹ്മാണ്ഡപുരാണത്തിൽ സാക്ഷാൽ ഭഗവാൻ തന്നെ പറയുന്നതു നോക്കുക.

"പ്രജാനമനന്തപാൎത്ഥം പുനരച്ചാത്മനാ ഭുവി
ദീപവൎഷവിപാകേഷു തീൎത്ഥേഷ്വായതനേഷു ച
മാനഷാൎച്ചാത്മനാചാഹം ഗ്രാമേഗ്രാമേഗൃഹേഗൃഹേ
പുംസിപുംസി ഭവിഷ്യാമി ദാരുലോഹ ശിലാമയ"

എന്നും

"സഹസ്രശീൎഷാഃ പുരുഷഃ സഹസ്രാക്ഷഃ സഹസ്ര പാത്" എന്ന പുരുഷസൂക്തത്തിൽ കാണുന്നതും വിഗ്രഹാരാധനയെ—സ്വരൂപധ്യാനത്തെ—ആസ്പദമാക്കിയാണ്.

ഇപ്രകാരം ഏതെല്ലാം മാൎഗ്ഗങ്ങളിൽ കൂടി നോക്കിയാലും വിഗ്രഹാരാധന അത്യുത്തമമാണെന്നു കാണാവുന്നതാണ്. .സുപ്രസിദ്ധപുണ്യാത്മാക്കളായ രാമദാസൻ, നാമദേവൻ, തുളസീദാസൻ വില്വമംഗലം സ്വാമിയാർ എന്നിവർ ക്ഷേത്രഭജനം (വിഗ്രഹാരാധന)കൊണ്ടാണ് ഭക്തിമാൎഗ്ഗം കണ്ടുപിടിച്ചതെന്നും തന്മൂലമാണു സായൂജ്യപ്രാപ്തിക്കിടവന്നതെന്നും മററും ചരിത്രം ഘോഷിക്കുന്നുണ്ട്.

ആകപ്പാടെ നിരീക്ഷണം ചെയ്യുമ്പോൾ ക്ഷേത്രഭജനത്താൽസ്വരൂപധ്യാനവും തൻമൂലം ഈശ്വരങ്കൽ ഏകാഗ്രഭക്തിയും തദ്വാരാ—യഥാൎത്ഥയോഗിത്വവും പാരത്രികാനുഭൂതിയും ലഭിക്കുന്നു എന്ന് മനസ്സിലാവും.

അതുപോലെതന്നെ കലിയുഗത്തിൽ സ്തോത്രപാരായണവും അത്യന്തം ശ്രേഷ്ഠമാണു. അൎത്ഥം മനസ്സിലാക്കാതെയും സ്തോത്രപാരായണം ക്രമമായി ചെയ്യുന്നവനു അതാതു വൎണ്ണക്രമോച്ചാരണത്താലുണ്ടാകുന്ന സംസ്കാരവിശേ

ഷത്താൽ ചിത്തശുദ്ധിയും നിരാപേക്ഷതപവും ജീവൻ മുക്തതപവും കൂടി സിദ്ധിക്കമെന്നാണു് ആചാൎയ്യന്മാരുടെ അഭിപ്രായം.

സ്തോത്രകീൎത്തനത്താൽ മഹാവാക്യാൎത്ഥജ്ഞാനം ലഭിച്ചു് ആത്മസാക്ഷാൽകാരം വരെയുള്ള അനുഭവം കൂടി സിദ്ധിക്കാവുന്നതും അധികാരിഭേദം പോലെയും സാധനാനുഷ്ഠാനഭേദം പോലെയുമുള്ള സിദ്ധികൾ ഉണ്ടാകാവുന്നതുമാണെന്നു് നാം മനസ്സിലാക്കേണ്ടതാണു്. എന്നു മാത്രമല്ല; ഈ കലിയുഗത്തിൽ ദ്രവ്യ യജ്ഞത്തെക്കാൾ, ജ്ഞാനയജ്ഞത്തിനും, ജപയജ്ഞത്തിനുമാണു് അധികം ഫലമെന്നു്,

"യജ്ഞാനാം ജപയജ്ഞോസ്മി" എന്ന ഗീതയും "യജ്ഞൈസ്സംകീൎത്തനപ്രായൈയ്യജന്തിഹി സുമേധസാഃ" എന്നു ഭാഗവതവും കല്പിക്കുന്നു. ഈവിധം പ്രമ[illegible]ണങ്ങൾ കൊണ്ടും യുക്തികൾകൊണ്ടും സ്തോത്രപാഠം ഉത്തമ യജ്ഞം തന്നെ എന്നു് തീൎച്ചപ്പെടുത്താം.

ഭക്തന്റെ മനസ്സിൽ താൻ ഏതു ദേവനെ ഭക്തിയോടുകൂടി വിചാരിക്കുന്നുവോ ആ ദേവന്റെ വ്യക്തിയല്ലാതെ വേറൊന്നുമില്ല.

"മനഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയോഃ
ബന്ധായ വിഷയാസക്തം
മുക്ത്യൈ നിർവിഷയം മനഃ"

എന്നു് ഉപനിഷത്തു കല്പിക്കുന്നുണ്ടു്. വിഷയാസക്തി കൂടാത്ത നിർമ്മലമനസ്സാകുന്നു മോക്ഷസാധനമെങ്കിൽ മുക്തി സിദ്ധിപ്പാൻ ഭക്തനോളം എളുപ്പം മററാക്കാണുള്ളതു്! ഭക്തൻ ജ്ഞാനിയെപ്പോലെ ഈശ്വരനെ ഒഴിച്ചു് വേറെ ഒന്നും കാണുന്നില്ല.

"ഏതു രൂപത്തിൽ എന്നെ വിചാരിക്കുന്നുവോ ആ രൂപത്തിൽ ഞാൻ എൻെറ ഭക്തൻെറ മുൻപിൽ പ്രത്യക്ഷീഭവിക്കും" എന്നു കരുണാനിധിയായ ശ്രീകൃഷ്ണ ഭഗവാൻ തന്നെ അരുളിച്ചെയ്തിട്ടുണ്ടു്.

ജ്ഞാനിക്കു് ദുഃഖവും സുഖവുമില്ല. ഭക്തനു് ദുഃഖമില്ല. നിരന്തരപരമാനന്ദാനുഭവം ഉണ്ടുതാനും.

നാമദേവൻ, മാധവദാസൻ, ജയദേവൻ, പ്രഹ്ളാദൻ, തുളസീദാസൻ, ചന്ദ്രഹാസൻ, പ്രിയവ്രതൻ, അംബരീഷൻ, രുഗ്മാംഗദൻ, ഭരതൻ, നഹുഷൻ, രാമദാസൻ, കബീർദാസൻ, പൃഥു, വാല്മീകി, പാണ്ഡവന്മാർ, ഇത്യാദി പുരുഷരത്നങ്ങളും, ദ്രൗപതി, ശബരി, സന്ധ്യാബലി, കുന്തീദേവി, സതീദേവി, സത്യരൂപ, ആത്രേയി എന്നീ സ്ത്രീരത്നങ്ങളും നിത്യനിരന്തരസുഖം അനുഭവിച്ചതും അന്ത്യത്തിൽ ഭഗവൽ സായൂജ്യം പ്രാപിച്ചതും ഭക്തിനിമിത്തമാണെന്നു് പുരാണങ്ങൾ ഘോഷിക്കുന്നുണ്ടു്.

ഹനുമാൻ സേവ എന്നും കാളീസേവ എന്നും പറഞ്ഞു് പല കള്ളത്തുള്ളലുകളും ആടി പാമരന്മാരെ മയക്കി പല വിധത്തിലുള്ള കാഷായവേഷങ്ങളും കെട്ടി ജടാ

ധാരികളായി സ്വമാത്രകക്ഷിംഭരികളായി നടക്കുന്നവൎക്ക് സന്ന്യാസത്വവും പരമാനന്ദത്വവും സിദ്ധിക്കയില്ല.

പരമാനന്ദം ഈശ്വരധ്യാനത്താൽ മാത്രമേ ലഭിക്കുകയുള്ളൂ. ആ പരമാനന്ദം ലഭിക്കാൻ ആൎക്കും യത്നിക്കാവുന്നതാണ്. യാതൊരു വൎഗ്ഗവ്യത്യാസവും നോക്കാനില്ല. ലോകംപോലും പരിത്യജിച്ച് ജടാവല്ക്കലാദികൾ ധരിച്ച് ഒരു മുനിയായിത്തീൎന്ന് ഗുഹകളിലോ മന്ദിരങ്ങളിലോ പൎവ്വതോപരിഭാഗങ്ങളിലോ വെളിംപ്രദേശങ്ങളിലോ ഭയംകരവനങ്ങളിലോ എവിടെ വസിച്ചാലും, തപസ്സുചെയ്താലും ഫലം ഒന്നുപോലെ തന്നെ മോക്ഷ കവാടോൽഘാടനത്തിന് ഭക്തി ഒന്നുമാത്രമേ ശരണീകരണീയമായിരിക്കുകയുള്ളൂ. ഏകാഗ്രഭക്തിയുള്ളവനു മാത്രമേ യഥാൎത്ഥ യോഗിത്വവും, പാരത്രികാനുഭൂതിയും ലഭിക്കുന്നുള്ളൂ.

പാരത്രികാനുഭൂതി എന്നതു് അനശ്വരസുഖത്തിലേക്കുള്ള വഴി ആകുന്നു. ഏതൊരു ശക്തിയാണോ, ലോകത്തിൽ ശാശ്വതമായി വൎത്തിക്കുന്നതു് ഏതൊരു ചൈതന്യമാണോ നിത്യമായും അനവദ്യമായും, അമേയമായും, സ്ഥിതിചെയ്യുന്നതു് ഏതൊരു ജ്യോതിസ്സാണോ ലോകം മുഴുവനും നിറഞ്ഞു് പ്രകാശിച്ച് അധിവസിക്കുന്നതു് ആ പരമാനന്ദ സ്വരൂപിയോടു ലയിക്കുന്ന അവസ്ഥക്ക് മുക്തി— പാരത്രികാനുഭൂതി— സായൂജ്യം— എന്നിങ്ങനെ പല പേരുകളും പറയുന്നു. സത്യം, ധൎമ്മം ഇവ രണ്ടും പാരത്രികാനുഭൂതിയിലേക്ക് മനുഷ്യരെ നയിപ്പിക്കുന്ന ഉൽകൃഷ്ടസോപാനങ്ങളാകുന്നു. ഈ രണ്ടു ഗുണങ്ങളും

ശരിയായി അനുഷ്ഠിക്കുന്നവനാകുന്നു യഥാൎത്ഥ മനുഷ്യൻ. യഥാർത്ഥ മനുഷ്യനായി തീൎന്നാൽ യോഗിയും ഭക്തനു മായിതീരുന്നതാണു്. അതുകൊണ്ടു് സത്യവും ധർമ്മവും അനുഷ്ഠാനരൂപത്തിൽ കൊണ്ടുവരുവാൻ പ്രത്യേകം ശ്രമി ക്കേണ്ടതാണു്.

നിത്യാനിത്യവസ്തു വിവേകം, ഇവിടെയും പരലോക ത്തും ഫലഭോഗത്തിൽ വൈരാഗ്യം, സമ്പത്തു്, മുമുക്ഷു ത്വം; എന്നീ നാലുസാധനങ്ങൾ സമ്പാദിച്ചു് "തദിതം താ ദൃശമീദൃശമേതാവത്താവദി തിചയന്നഭവേൽ ബ്രഹ്മതൽ," എന്നറിയപ്പെടുന്ന ബ്രഹ്മത്തിൻെറ ജ്ഞാനം ഗ്രഹിച്ചു്, അധികാരിയായിത്തീരുക എന്നുള്ളതു് ഈ കലിയുഗകാല ത്തു് ദുസ്സാദ്ധ്യമാണെന്നു് അനുഭവസിദ്ധമാണല്ലോ. ഇതിനുപുറമേ സാധനചതുഷ്ടയ സമ്പന്നനായി ഉപനിഷ ത്തുഅദ്ധ്യയനംചെയ്തു അതിൻെറ അർത്ഥം നല്ലവണ്ണംഗ്രഹി ച്ചു ജീവബ്രഹ്മൈക്യ ബോധം സിദ്ധിച്ചു ആത്മജ്ഞാനി യായ ഒരു ഗുരുവിനെ കിട്ടുക എന്നതും ഇക്കാലത്തു ദുസ്സാ ദ്ധ്യം തന്നെ. "അല്ലയോ അൎജ്ജുനാ! എൻെറ ഭക്തൻ ഒരിക്കലും നശിക്കുന്നില്ല! എന്നും എന്നെ ശ്രദ്ധയോടുകൂ ടി ഭജിക്കുന്നവർ എൻെറ ഏററവും ഇഷ്ടന്മാരാകുന്നു എ ന്നും പത്രമാവട്ടെ, പുഷ്പമാവട്ടെ വെള്ളമാവട്ടെ, ഭക്തി യോടുകൂടി എനിക്കു ആരു ദാനം ചെയ്യുന്നുവോ ആ ഭക്ത ൻെറ നിവേദ്യത്തെ ഞാൻ സന്തോഷത്തോടുകൂടി സ്വീക രിക്കുന്നു എന്നും, ആ ഭക്തവാത്സല്യഭാജനവും, രാധാവല്ലഭ നുമായ ഭഗവാൻ ശ്രീമുരളീധരൻ കല്പിച്ചിട്ടുള്ളതുകൊണ്ടു

ഏറ്റവും മുഖ്യമായിട്ടുള്ളതും ശ്രേഷ്ഠമായിട്ടുള്ളതും ഭക്തി തന്നെയാകുന്നു.

"ഹാ! കാന്തേ ! ഹാ! ധനം പുത്ര,ക്രന്ദമാനഃ സുദാരുണം
മണ്ഡൂകൈവസർപ്പേണ മൃത്യുനാനീയതേനരഃ"

അയ്യോ! പ്രിയതമേ! ഹാ! ഹാ! പണമേ അയ്യയ്യോ! പുത്രന്മാരെ എന്നിങ്ങനെ ഭയങ്കരമാംവണ്ണം നിലവിളിച്ചുംകൊണ്ടിരിക്കുന്ന മനുഷ്യനെ കാലൻവന്നു, തവളയെ പാമ്പെന്ന പോലെ ഭയപ്പെടുത്തി പിടിച്ചുകൊണ്ടുപോകുന്നു. ഈവിധം പ്രമാണങ്ങൾ കൊണ്ടും. യുക്തികൾ കൊണ്ടും ഈശ്വരാനുഗ്രഹം ഉണ്ടെങ്കിലേ ഭഗവൽസായൂജ്യം ലഭിക്കയുള്ളൂ എന്നു ദൃഢമായി അനുമാനിക്കാവുന്നതാണല്ലോ. അതുകൊണ്ടു ഭാര്യ്യ, ധനം, പുത്രന്മാർ ഇതുകളും അധികാരിയാവണം, സൽഗുരുവാകണം എന്നീ പ്രകാരമുള്ള തടസ്സങ്ങളും ഭക്തിക്കാവശ്യമില്ലാത്തതിനാൽ സ്ത്രീ, പുരുഷൻ, ബാലൻ, തരുണൻ, വൃദ്ധൻ, ബ്രാഹ്മണൻ, ചണ്ഡാലൻ, എന്നീ ഭേദങ്ങൾ കൂടാതെ എല്ലവനും ഭക്തിയാൽ ആനന്ദമയമായ സുഖത്തെ അനുഭവിക്കാവുന്നതാകുന്നു. ഇതിനെല്ലാം ഭക്തി ശ്രദ്ധകൾതന്നെ കാരണങ്ങളായിരിക്കയാൽ ഉത്തമ ഭക്തി നമുക്കുണ്ടാകുവാൻ മുരളീധരനും, രാധാവല്ലഭനും സർവ്വചരാചര നിയന്താവും ഭക്തവത്സലനുമായ പരബ്രഹ്മമൂർത്തി അനുഗ്രഹിക്കുമാറാകട്ടെ.

ശ്രീരാധാകൃഷ്ണാർപ്പണമസ്തു.

---

"കൃഷ്ണോരക്ഷതുമാം ചരാചരഗുരുഃ
കൃഷ്ണം നമസ്യേ സദാ.
കൃഷ്ണേനൈവസുരക്ഷിതോഹമസകൃൽ
കൃഷ്ണായദത്തം മനഃ !
കൃഷ്ണാദേവസമുത്ഭവോ മമ വിഭോ !
കൃഷ്ണസ്യ ദാസോസ്മ്യഹം
കൃഷ്ണേഭക്തിരചഞ്ചലാസ്തു ഭഗവൻ !
ഹേ കൃഷ്ണ ! തുഭ്യംനമഃ"

(ശുഭം.)

PRINTED AT THE ROYAL PRINTING WORKS, TRIVANDRUM.

തയ്യാറായി വരുന്നു.

# കഥകളിപ്രദീപിക

## രണ്ടാം ഭാഗം

---

ഈ ഗ്രന്ഥകർത്താവിനാൽ എഴുതപ്പെട്ടിട്ടുള്ളതും, കേരളീയർ വളരെക്കാലമായി കാംക്ഷിച്ചിരിക്കുന്നതും പണ്ഡിതന്മാർക്കും, പാമരന്മാർക്കും, കഥകളിനടന്മാർക്കും, കഥകളി രസികന്മാർക്കും, അദ്ധ്യാപകന്മാർക്കും, അദ്ധ്യേതാക്കൾക്കും ഒരുപോലെ ഉപകാരപ്രദമായതും കൈരളീദേവിയുടെ ഒരമൂല്യകണ്ഠാഭരണമെന്നു പല സഹൃദയന്മാരും മുക്തകണ്ഠം ഘോഷിച്ചിട്ടുള്ളതുമായ "കഥകളി പ്രദീപിക"യുടെ രണ്ടാംഭാഗം ഇതാ അച്ചടിച്ചു തയ്യാറായിവരുന്നു. ഇതിൽ കഥകളിയുടെ ഉത്ഭവം, വളർച്ച, നൃത്തം, അഭിനയം, ആട്ടം, സംഗീതം, സാഹിത്യം, മുദ്രകൾ, കലാശങ്ങൾ, ആന്തര തത്വങ്ങൾ പ്രസിദ്ധനടന്മാരുടേയും ഗായകന്മാരുടേയും മററും പൂർണ്ണവിവരങ്ങൾ മുതലായവ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

വില രൂപാ രണ്ടുമാത്രം.

മുൻകൂർ പണം അടച്ചു് രജിസ്റ്റർ ചെയ്യുന്നവർക്കു 1-രൂ-8-ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:

മാനേജർ,
ശ്രീ ധർമ്മപ്രചാരിണി വിഷവൈദ്യശാല,
കരൂർ.
തോന്നയ്ക്കൽ A. O. മുരുക്കുംപുഴ P. O.
തിരുവിതാംകൂർ.

---

N. B. "രക്തസാക്ഷി" എന്ന നവീന രാഷ്ട്രീയ ഗദ്യനാടകവും വില്ക്കാനുണ്ടു്.

# ഈശ്വരഭക്തി

No. 639

NO 29

C. V. SMARAKA GRAMODHARANA
GRANDHA SALA
THENNOORKONAM
VENGANOOR, A. O.



BY

K. M. KURUKKAL.